വാഹന അപകടങ്ങൾ

265 [579] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 20—8—1985 വരെ സംസ്ഥാനത്ത് എത്ര വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) അതിൽ പ്രൈവറ്റ് ബസ്സുകൾ മൂലം എത്ര, കെ.എസ്.ആർ.ടി.സി. ബസ്സുകൾ മൂലം എത്ര;

(സി) അപകടങ്ങൾമൂലം എത്ര പേർ മരിച്ചു; എത്ര പേർക്ക് പരിക്കു പറ്റി;

(ഡി) ഇതിൽ സ്വകാര്യ ബസ്സുകൾ മൂലം എത്ര പേർ മരിച്ചു; കോർപ്പറേഷൻ ബസ്സുകൾമൂലം എത്ര പേർ മരിച്ചു;

(ഇ) കോർപ്പറേഷൻ ബസ്സുകൾമൂലം അപകടങ്ങൾ ഉണ്ടായതിന്റെ പേരിൽ എത്ര ജീവനക്കാരുടെ പേരിൽ നടപടികൾ എടുത്തു; എത്ര പേരെ സർവ്വീസിൽനിന്ന് പിരിച്ചു വിട്ടു;

(എഫ്) തൃശ്ശൂരിലെ പുഴക്കൽ ബസ്സപകടം ഉണ്ടായതിന്റെ പേരിൽ ഡ്രൈവറുടെ പേരിൽ എന്ത് നടപടികളാണ് എടുത്തത്;

ഉത്തരം

(എ) 22253 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) പ്രൈവറ്റ് ബസ്സുകൾമൂലം 1252 ഉം കെ.എസ്. ആർ.ടി.സി. ബസ്സുകൾമൂലം 750 അപകടങ്ങളും സംഭവിച്ചിട്ടുണ്ട്.

(സി) അപകടങ്ങൾമൂലം 945 പേർ മരിക്കുകയും 23419 പേർക്ക് പരിക്കുപറ്റുകയും ചെയ്തിട്ടുണ്ട്.

(ഡി) സ്വകാര്യ ബസ്സുകൾ മൂലം 228—ഉം കെ.എസ്.ആർ. ടി.സി. ബസ്സുകൾ മൂലം 168—ഉം ആളുകൾ മരണപ്പെട്ടിട്ടുണ്ട്.

(ഇ) 313 ജീവനക്കാരുടെ പേരിൽ നടപടികൾ എടുത്തിട്ടുണ്ട്. ആരെയും സർവ്വീസിൽനിന്ന് പിരിച്ചു വിട്ടിട്ടില്ല.

(എഫ്) പുഴയ്ക്കൽ ബസ്സപകടത്തിൽ ഉൾപ്പെട്ട ഡ്രൈവറെ സസ്പെൻറു ചെയ്തിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

II. ശ്രദ്ധക്ഷണികൾ

(1) പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ ബുദ്ധിമുട്ടുകൾ

ശ്രീ. വി.സി. കബീർ: സർ, ഈ കൊല്ലത്തെ ഗവൺമെൻറിന്റെ ഫിക്സേഷൻ നയംമൂലം മൂവായിരത്തോളം പ്രൊട്ടക്ടഡ് അദ്ധ്യാപകർ ഇന്ന് ശമ്പളം ഇല്ലാതെ വലയുകയാണ്. ഗവൺമെൻറിന്റെ
9.30 a.m.] പുതിയ വിദ്യാഭ്യാസ നയം മൂലം അദ്ധ്യാപകർ ഭയാകുലരായിട്ടാണ് കഴിയുന്നത്. അവരുടെ തലയ്ക്കു മീതെ 'ഡെമോക്ലിസിന്റെ വാൾ' പോലെ ഈ പ്രൊട്ടക്ഷൻ നിയമം തൂങ്ങി

LIBRARY ARCHIVES Kerala Legislative Assembly

ക്കിടക്കുകയാണ്. നിരന്തരമായ പ്രക്ഷോഭത്തിന്റെ ഫലമായിട്ടാണ് കേരളത്തിലെ അദ്ധ്യാപകർ ജോലി സ്ഥിരത നേടിയെടുത്തത്. ആദ്യം അഞ്ചുവർഷം സർവ്വീസുള്ള അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ തീരുമാനം ഉണ്ടായി. വീണ്ടും അദ്ധ്യാപകരുടെ സമരത്തിന്റെ ഫലമായി രണ്ടുവർഷം സർവ്വീസുള്ള അദ്ധ്യാപകരെ ഗവൺമെന്റ് പ്രൊട്ടക്ട് ചെയ്യാൻ തീരുമാനിച്ചു. അന്ന് വിദ്യാർത്ഥികളുടെ അനുപാതം 1:45 വരെ എത്തിയിരുന്നു. പിന്നീട് അത് 1:50, 1:55 വരെ എത്തുകയുണ്ടായി. ഇപ്പോൾ ഗവൺമെന്റു പറയുന്നത് 1985 മുതലുള്ള അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ കൊടുക്കാൻ സാദ്ധ്യമല്ലെന്നാണ്. ഡിവിഷൻ ഫാം വരുന്നത് അദ്ധ്യാപകരുടെ കുറ്റംകൊണ്ടല്ല. മൂന്നുമാസം കൂടുമ്പോഴുള്ള കുടുംബാസൂത്രണ ക്യാമ്പുകളും കാരണം കുട്ടികളുടെ എണ്ണം കുറയുന്നു. അപ്പോൾ സ്വാഭാവികമായും ക്ലാസിൽ കുട്ടികളുടെ എണ്ണം കുറയുമല്ലോ. അങ്ങനെ അദ്ധ്യാപകന് ജോലി നഷ്ടപ്പെടുന്ന ഒരു സാഹചര്യം വരുന്നു. മറ്റൊന്ന് മാനേജർമാർ ആവശ്യത്തിന് കെട്ടിടവും ക്ലാസ് റൂമുകളും ഉണ്ടാക്കാത്തതു കാരണം ഡിവിഷൻ ഫാം വരുന്നു. അങ്ങനെ അദ്ധ്യാപകർക്ക് സുരക്ഷിതത്വം ഇല്ലാതെ വരുന്നു. വേറൊന്ന് ഗവൺമെന്റു തന്നെ ഒരു സ്ഥലത്ത് രണ്ടും മൂന്നും സ്കൂളുകളും അനുവദിക്കുന്നതു കാരണം കുട്ടികളുടെ എണ്ണം കുറഞ്ഞുപോകുന്നു. ഇങ്ങനെ അദ്ധ്യാപകരുടേതല്ലാത്ത കുറ്റത്തിന് അദ്ധ്യാപകരെ ശിക്ഷിക്കുന്ന ഒരു സമ്പ്രദായം ഇതിനുമുമ്പുണ്ടായിട്ടില്ല. അദ്ധ്യാപകരോട്, പ്രത്യേകിച്ച് സ്വകാര്യ അദ്ധ്യാപകരോട് പക പോക്കുന്ന ഒരു നയമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. സർക്കാർ സ്കൂളിലെ അദ്ധ്യാപകർ സ്വകാര്യ സ്കൂളിലെ അദ്ധ്യാപകരേക്കാൾ സുരക്ഷിതരാണ്. അവിടെ തലയെണ്ണൽ സമ്പ്രദായമില്ല. 6–ാമതു വർക്കിംഗ് ഡേ നോക്കുകയില്ല. ഫിക്സേഷന്റെ പ്രശ്നമില്ല. ഒരു ദിവസം ജോയിൻ ചെയ്താൽ റിട്ടയർമെന്റു വരെ അവിടെ അദ്ധ്യാപകർ സുരക്ഷിതരാണ്. സ്വകാര്യ സ്കൂളിലെ അദ്ധ്യാപകർക്ക് എന്തിനാണ് ഡിസ്പാരിറ്റി? അതുകൊണ്ട് ഞങ്ങൾ ആവശ്യപ്പെടുന്നത് ഇപ്പോൾ സർവ്വീസിലുള്ള മുഴുവൻ അദ്ധ്യാപകരെയും സ്ഥിരപ്പെടുത്തുകയും അവർക്ക് ജോലി സ്ഥിരത നൽകുകയും ചെയ്യണമെന്നാണ്. വളരെ ഗുരുതരമായ ഒരു സാഹചര്യമാണിപ്പോഴുള്ളത്. അതുകൊണ്ട് ഈ 3,000 അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കുന്നതിന് അടിയന്തിരമായ കൽപ്പന പുറപ്പെടുവിക്കുകയും പോയിൽ ജോയിൻ ചെയ്യുന്ന എല്ലാ അദ്ധ്യാപകരെയും പ്രൊട്ടക്ട് ചെയ്യത്തക്ക വിധത്തിലുള്ള ജോലിസ്ഥിരത നൽകുകയും ചെയ്യുന്ന തീരുമാനം വിദ്യാഭ്യാസ വകുപ്പിൽ നിന്നുമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, നമ്മുടെ സംസ്ഥാനത്ത് മൂവായിരത്തോളം അദ്ധ്യാപകർക്ക് ശമ്പളം കിട്ടുന്നില്ലായെന്ന് പറഞ്ഞത് ശരിയല്ല. പ്രൊട്ടക്ഷൻ കിട്ടിയിട്ടുള്ള അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കുന്നുണ്ട്. മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടായ ചില വീഴ്ചകളുടെ ഫലമായിട്ട് 100–ൽ താഴെ അദ്ധ്യാപകർക്കു മാത്രമാണ് ഇപ്പോൾ രണ്ടുമൂന്നു മാസമായിട്ട് ശമ്പളം കിട്ടാതെ പന്നിരിക്കുന്നത്. അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ നൽകുവാനുള്ള തീരുമാനം എടുത്തത് 1969–ലാണ്. 6–3–1969–ലെ ഒരു ഉത്തരവുപ്രകാരം രണ്ടു വർഷത്തെ സർവ്വീസുള്ള അദ്ധ്യാപകർക്ക്, അല്ലെങ്കിൽ രണ്ട് വെക്കേഷൻ സാലറി വാങ്ങിയിട്ടുള്ള അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ കൊടുക്കുന്നതിനുള്ള തീരുമാനമാണ് അന്ന് ഗവൺമെന്റ് എടുത്തത്. അന്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനം എന്നു പറയുന്നത് ഞാൻ ആദ്യം ഉദ്ധരിച്ച കാര്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രൊട്ടക്ഷൻ കിട്ടിയിട്ടുള്ള ആളുകളെ, അവർക്ക് ഗവൺമെന്റ് സ്കൂളുകളിൽ വേക്കൻസിയുണ്ടെങ്കിൽ കൊടുക്കും എന്നാണ് തീരുമാനിച്ചിരുന്നത്. അങ്ങനെ വേക്കൻസിയില്ലെങ്കിൽ ഈ അദ്ധ്യാപകർ ജോലിയില്ലാതെ തന്നെയിരിക്കേണ്ടിയിരുന്നു. വേക്കൻസിയുണ്ടാകുമ്പോൾ അവിടെ നിയമിക്കും. ജോലിയില്ലാതെയിരുന്ന സാഹചര്യത്തിൽ അവർക്ക് ശമ്പളം കൊടുക്കുന്ന ഒരു വ്യവസ്ഥയും ഇല്ലായിരുന്നു. പിന്നീട് 1977 പല സന്ദർഭങ്ങളിലും ഗവൺമെന്റു പുറപ്പെടുവിച്ച പല ഉത്തരവുകളുടെയും അടിസ്ഥാനത്തിലായിരുന്നു അദ്ധ്യാപകർക്ക് സ്ഥിരം പ്രൊട്ടക്ഷൻ കൊടുക്കുവാൻ തീരുമാനിച്ചത്. പ്രൊട്ടക്ടഡ് ആകുന്ന അദ്ധ്യാപകരെ എല്ലാ സമയത്തും ശമ്പളം കൊടുത്തുതന്നെ നിലനിർത്തിപ്പോന്നു. 1982—ൽ ഈ ഗവൺമെന്റു വന്നതിനുശേഷമാണ് ഈ അദ്ധ്യാപകരെ മാത്രം വിദ്യാലയത്തിൽത്തന്നെ നിലനിർത്താൻ വേണ്ടി ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായത്. ആ ഉത്തരവ് ഒരു വർഷക്കാലത്തേക്കാണ് പുറപ്പെടുവിച്ചത്. അതു പിന്നീട് ഒരു വർഷംകൂടി നീട്ടുകയുണ്ടായി. അതുവഴിയുണ്ടായ ഒരു ബുദ്ധിമുട്ടെന്നു പറയുന്നത് പല സ്കൂളുകളിലും പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ എണ്ണം വർദ്ധിച്ചുവെന്നതാണ്. അങ്ങനെ പ്രൊട്ടക്ടഡ് അദ്ധ്യാപകരായിട്ടു വരുന്ന അദ്ധ്യാപകർ ആ സ്കൂളിലെതന്നെ പഠനത്തിന് തടസ്സമുണ്ടാക്കുന്നുവെന്നുള്ളത് അവിടത്തെ പ്രധാന അദ്ധ്യാപകരുടെ പരാതിയായിട്ട് ഗവൺമെന്റിൽ വന്നു. അത് ശരിയാണെന്ന് കൺട്രോളിങ്ങ് ഓഫീസേഴ്സ് പല സന്ദർഭത്തിലും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് ഈ ഗവൺമെന്റ് പ്രൊട്ടക്ഷനെ സംബന്ധിച്ചുള്ള മറ്റൊരു തീരുമാനം എടുത്തത്. കഴിഞ്ഞ വർഷം ഒരു ഉത്തരവ് ഗവൺമെന്റ് പുറപ്പെടുവിക്കുകയുണ്ടായി. 27—10—1984—ൽ ആയിരുന്നു ഈ ഉത്തരവ്. അദ്ധ്യാപക സംഘടനകളെയെല്ലാം വിളിച്ചുകൂട്ടി അവരുമായി ചർച്ച ചെയ്ത് അവർക്കുകൂടി സ്വീകാര്യമായിട്ടുള്ള ഒരു ഉത്തരവാണ് ഗവൺമെന്റ് അന്ന് പുറപ്പെടുവിച്ചത്. അന്നത്തെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവ് അനുസരിച്ച് 15—7—1986—നു ശേഷം പ്രൊട്ടക്ഷൻ ആനുകൂല്യം അനുവദിക്കുന്നതല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതായത് കഴിഞ്ഞവർഷം അദ്ധ്യാപക സംഘടനകളുമായി ചർച്ച നടത്തിയപ്പോൾ കഴിഞ്ഞ വർഷം വരെ നിയമനം കിട്ടിയിട്ടുള്ള അദ്ധ്യാപകർക്ക് 1969—ലെ ഗവൺമെന്റ് ഉത്തരവിൽ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിട്ടുള്ള പ്രൊട്ടക്ഷൻ കിട്ടിയില്ലെങ്കിൽ അവർക്ക് പ്രൊട്ടക്ഷൻ കൊടുക്കുവാനുള്ള തീരുമാനം എടുത്തിരുന്നു. ഈ വർഷം നിയമിച്ചിരിക്കുന്ന അദ്ധ്യാപകർക്ക് ഈ വർഷത്തെ ഫിക്സേഷൻ കഴിഞ്ഞു വരുമ്പോൾ മാത്രമാണ് പ്രൊട്ടക്ഷൻ കിട്ടാതെവരുന്ന ഒരു സാഹചര്യം ഉണ്ടായിരിക്കുന്നത്.

നമ്മുടെ സംസ്ഥാനത്ത് മറ്റൊരു ഡിപ്പാർട്ടുമെന്റിലും ഇന്ന് പ്രൊട്ടക്ഷൻ ആനുകൂല്യം ഇല്ല. വിദ്യാഭ്യാസ വകുപ്പിൽത്തന്നെ ഹയർ എഡ്യുക്കേഷൻ ഡിപ്പാർട്ടുമെന്റിൽ ഈ ആനുകൂല്യം ഇപ്പോൾ ഇല്ല. നൈജീരിയയിലും മറ്റും പോയിരുന്ന കോളേജ് അദ്ധ്യാപകർ തിരിച്ച് വന്നതുവഴി പല കോളേജിൽ നിന്നും പത്തും പന്ത്രണ്ടും വർഷം വരെ സർവ്വീസുള്ള അദ്ധ്യാപകർ ഇന്ന് പുറത്തുപോയിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട കബീർമാഷ് പറഞ്ഞു സർക്കാർ സ്കൂൾ അദ്ധ്യാപകർക്ക് ഇത് ബാധകമല്ലെന്ന്. പ്രൊട്ടക്ഷൻ ആനുകൂല്യത്തെ സംബന്ധിച്ചിടത്തോളം സ്വകാര്യ സ്കൂളുകളിലുള്ളതു പോലെ തന്നെയാണ് സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

സ്കൂളിലെ അദ്ധ്യാപകർക്കുമുള്ളത്. ഡിവിഷൻ ഇല്ലാതെ വന്നാൽ അവർക്കു കിട്ടുന്ന പ്രൊട്ടക്ഷൻ സ്വകാര്യ സ്കൂളിലെ അദ്ധ്യാപകർക്കും കിട്ടുന്നുണ്ട്. രണ്ടു കൂട്ടരെയും ഒരു പോലെയാണ് കണ്ടിട്ടുള്ളത്. അതല്ലാതെ സർക്കാർ സ്കൂളിലെ അദ്ധ്യാപകരെ ഒരു നിരയിലും ഗവൺമെൻറു സ്കൂളിലെ അദ്ധ്യാപകരെ മറെറാരു നിരയിലുമായി ഗവൺമെൻറ് വീക്ഷിച്ചിട്ടില്ല. രണ്ടു കൂട്ടർക്കും ഒരേ നിരയിൽ ഉള്ള ആനുകൂല്യങ്ങളാ തന്നെയാണ് കൊടുത്തിട്ടുള്ളത്. എന്തായാലും അദ്ധ്യാപക സംഘടനകളും വീണ്ടും ഇതു സംബന്ധിച്ച് ഒരു പുനഃചിന്തനംനടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ ഈ മാസം 26–ാം തീയതി ഈ വിഷയത്തെക്കുറിച്ച് മാത്രമായി ഒരു ചർച്ച നടത്തുവാനുള്ള തീരുമാനം എടുത്തിട്ടുണ്ട്. ഞാൻ അവരെ വിളിച്ചുകൂട്ടി ചർച്ച നടത്തുന്നുണ്ട്. ഈ ഗവൺമെൻറിന് അദ്ധ്യാപകരെ ദ്രോഹിക്കണമെന്ന് യാതൊരു അഭിപ്രായവുമില്ല. ഒരു കാര്യം കൂടി പറഞ്ഞു ഞാൻ അവസാനിപ്പിക്കുകയാണ്. ഈ ഗവൺമെൻറു വന്നതിനുശേഷം അദ്ധ്യാപകർക്ക് നിരവധി ആനുകൂല്യങ്ങളാ കൊടുക്കുകയും അവരുടെ പ്രശ്നങ്ങളാ അനുഭാവപൂർവ്വം പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ അവകാശങ്ങളാ പരിപൂർണ്ണമായി സംരക്ഷിക്കുവാനും അവർക്കു വേണ്ട എല്ലാ ആനുകൂല്യങ്ങളും കൊടുക്കുവാനും ഗവൺമെൻറു ശ്രദ്ധിച്ചിട്ടുണ്ട്.

ശ്രീ. വി.സി. കബീർ: സർ, ശമ്പളം കിട്ടാത്ത മൂവായിരത്തോളം അദ്ധ്യാപകർ ഉണ്ടെന്ന് ഞാൻ പറഞ്ഞതു ശരിയാണ്. അവർക്ക് ശമ്പളം കൊടുക്കുവാനുള്ള ഒരു കൽപ്പന പുറപ്പെടുവിക്കണം.

ശ്രീ. ടി.എം. ജേക്കബ്: സർ, കബീർ മാസ്റ്റർക്ക് ഒരു തെറിദ്ധാരണ ഉണ്ടായതാണ്. 3,000 അദ്ധ്യാപകർ ഇല്ല. എൻറടുത്തു ഫയൽ ഉണ്ട്. ഞാനതു ശ്രദ്ധിച്ചു. ചില മാനേജുമെൻറുകളാ കാണിച്ച കുഴപ്പം കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. കോർപ്പറേറ് മാനേജുമെൻറിൽ സീനിയർ ആയിട്ടുള്ള അദ്ധ്യാപകരെ പ്രൊട്ടക്ടഡ് അദ്ധ്യാപകരായി കണക്കാക്കുകയും ജൂനിയർ ആയിട്ടുള്ള അദ്ധ്യാപകരെ നിലനിർത്തുകയും ചെയ്തിരിക്കുന്നു. അങ്ങനെ വന്നതു വഴി 100–ൽ താഴെ അദ്ധ്യാപകർക്കു മാത്രമാണ് ശമ്പളം കൊടുക്കാതിരിക്കുന്നത്. അതും ഫെബ്രുവരി മാസത്തിനുശേഷം. അദ്ധ്യാപകർ അതിനകത്തു കുറെക്കാരല്ലെങ്കിൽ ആ അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കാനുള്ള നടപടികളാ സ്വീകരിക്കുന്നതാണ്. 3,000 എന്ന് പറഞ്ഞത് ഒരിക്കലും ശരിയല്ല. ഞാനതു പ്രത്യേകമായിട്ട് പരിശോധിക്കുകയും ചെയ്തിട്ടുണ്ട്.

(2) പൊതു സ്ഥലങ്ങളിൽ ടെലിവിഷൻ സെൻറുകളാ

ശ്രീ. പന്തളം സുധാകരൻ: സർ, ഇൻഡ്യയിലെ മുഴുവൻ ഗ്രാമീണജനങ്ങൾക്കും ടെലിവിഷൻ പരിപാടികളാ കണ്ടു മനസ്സിലാക്കുന്നതിനുള്ള സൗകര്യങ്ങളാ ചെയ്യുന്നതിനായി ഗ്രാമങ്ങളാതോറും ടെലിവിഷൻ സെൻറുകളാ സ്ഥാപിക്കുമെന്ന് യശശ്ശരീരയായ മുൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി പ്രഖ്യാപിച്ചിരുന്നതിൻെറ അടിസ്ഥാനത്തിൽ ഉത്തരേന്ത്യയിലെ ബഹുഭൂരിപക്ഷം ഗ്രാമങ്ങളിലും ഈ സൗകര്യം ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസപരമായും സാംസ്ക്കാരികപരമായും മുൻപന്തിയിൽ നിൽക്കുന്ന ഈ കൊച്ചു കേരളത്തിൽ സാധാരണ

LIBRARY ARCHIVES Kerala Legislative Assembly